**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3661** **14-07-2022 - ൽ മറുപടിയ്ക്ക്**

**കേരള കാലിത്തീറ്റ ഗുണനിലവാര നിയന്ത്രണ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരള കാലിത്തീറ്റ ഗുണനിലവാര നിയന്ത്രണ നിയമം നടപ്പിൽ വരുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും പ്രസ്തുത നിയമം നടപ്പാക്കാനുള്ള അധികാരം ഏത് വകുപ്പിനാണെന്നും അറിയിക്കാമോ; | (എ) | കേരള കാലിത്തീറ്റ ഗുണനിലവാര നിയന്ത്രണ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. ഈ നിയമത്തിനാവശ്യമായ കരട് ചട്ടങ്ങളുടെ രൂപീകരണവും പുരോഗമിക്കുന്നു.<br><br>പ്രസ്തുത നിയമം നടപ്പാക്കാനുള്ള അധികാരം ക്ഷീരവികസന വകുപ്പിനും മൃഗസംരക്ഷണ വകുപ്പിനും സംയുക്തമായാണ്. |
| (ബി) | വെറ്ററിനറി ഡോക്ടർമാരുടെ അഭാവത്തെക്കുറിച്ചുള്ള കർഷകരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഉദ്യോഗസ്ഥരുടെ ജോലിഭാരം പരിഗണിച്ച് കേരള കാലിത്തീറ്റ ഗുണനിലവാര നിയന്ത്രണ നിയമം നടപ്പിലാക്കുന്ന ചുമതലയിൽ നിന്ന് മൃഗസംരക്ഷണ വകുപ്പിനെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ ഒഴിവാക്കാതിരിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ? | (സി) | കേരള കാലിത്തീറ്റ ഗുണനിലവാര നിയന്ത്രണ നിയമം തയാറാക്കുന്നതിന് ക്ഷീരവികസനവകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.എന്നാൽ തയാറാക്കുന്ന കരട് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ നിർദേശിക്കുക തുടങ്ങി മേൽ നിയമ നിർമ്മാണത്തിന് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും മൃഗ സംരക്ഷണ വകുപ്പ് നൽകി വരുന്നുണ്ട്. കൂടാതെ അനിമൽ ന്യൂട്രീഷനിൽ ഡോക്ടറേറ്റ് നേടിയിട്ടുള്ള ഒരു വെറ്ററിനറി ഡോക്ടറുടെ സഹായവും ക്ഷീര വികസന വകുപ്പിനു ലഭ്യമാക്കിയിട്ടുണ്ട്.കാലിത്തീറ്റ ഗുണനിലവാര നിയന്ത്രണ നിയമത്തിൽ കന്നുകാലികളുടെ മാത്രമല്ല, ആട്, പന്നി, കോഴികൾ തുടങ്ങിയ മുഴുവൻ വളർത്തു പക്ഷി മൃഗാദികളുടെ തീറ്റയുടെ അളവ് ക്രമങ്ങളും ഗുണനിലവാരവും ഈ നിയമത്തിൽ വ്യക്തമാക്കേണ്ടതുണ്ട്. ഉരുക്കളുടെ ശരീര ശാസ്ത്രവും അവയുടെ വളർച്ചക്കാവശ്യമായ പോഷകങ്ങളെക്കുറിച്ചും വിശദമായി പഠിച്ചിട്ടുള്ള വെറ്ററിനറി ഡോക്ടർമാർ അടങ്ങുന്ന മൃഗസംരക്ഷണ വകുപ്പിന്റെ ശാസ്ത്രീയ അവബോധം ഈ നിയമനിർമ്മാണത്തിലും നടപ്പിലാക്കുന്നതിലും അനിവാര്യമാണ്. ഇത്തരം ഒരു നിയമം നടപ്പിലാക്കുന്ന ചുമതലയിൽ നിന്ന് മൃഗസംരക്ഷണ വകുപ്പിനെ ഒഴിവാക്കാൻ സാധിക്കില്ല. |

സെക്ഷൻ ഓഫീസർ